# സാമൂഹിക പ്രത്യാഘാത പഠനം

## വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര ഗ്രാമ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധ ജല വിതരണ പദ്ധതിയുടെ ഭാഗമായുള്ള ഉന്നതതല ജലസംഭരണി നിർമ്മാണം

## വടക്കഞ്ചേരി-1 വില്ലേജ്, ആലത്തൂർ താലൂക്ക്, പാലക്കാട്

**34 സെന്റ്**

**കരട് റിപ്പോർട്ട്**

**തീയതി : 29/01/2022**

റിക്വസിഷൻ അധികാരി
കേരള വാട്ടർ അതോറിറ്റി

കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്
കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002
ഫോൺ : 0481 2572781, 2573875
E-mail :keralavhs@yahoo.co.in
Web :www.keralavhs.org

KERALA VHS MULLANKUZHI COLLECTORATE

# ഉള്ളടക്കം

1. ആമുഖം

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി). പദ്ധതി ബാധിതരുടെ വിവരങ്ങൾ

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

(എ). നടപ്പാക്കൽ ഏജൻസി

(ബി). പദ്ധതി നിർവ്വഹണ ഘട്ടം

(സി). പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

1.6. സമീപനവും രീതി ശാസ്ത്രവും

(എ). പശ്ചാത്തലം

(ബി). സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

(സി). പഠന സമീപനം

(ഡി). നടപടികളും സമയക്രമങ്ങളും

(ഇ). പദ്ധതി ബാധിതനുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭി പ്രായങ്ങൾ

1.7. പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം

1.8. സാമൂഹിക പ്രത്യാഘാതം

1.9. പ്രത്യാഘാത ലഘൂകരണം

1.10. പ്രത്യാഘാത ലഘൂകരണ നടപടികൾ

1.11. സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം

1.12- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി-പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ

1.13. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

KERALA VHSS MULLANKUZHI KOTTAYAM-7

## അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. ഗസറ്റ് നോട്ടിഫിക്കേഷൻ

KERALA VHS MULLANKUZHI KOTTAYAM 2 COLLECTORATE P.O.

സാമൂഹിക പ്രത്യാഘാത പഠനം
വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര ഗ്രാമ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള
സമഗ്ര ശുദ്ധ ജല വിതരണ പദ്ധതിയുടെ ഭാഗമായുള്ള
ഉന്നതതല ജലസംഭരണി നിർമ്മാണം
വടക്കഞ്ചേരി - 1 വില്ലേജ് , ആലത്തൂർ താലൂക്ക്, പാലക്കാട്
34 സെന്റ്

## അദ്ധ്യായം - 1
## പഠന റിപ്പോർട്ട്- രത്ന ചുരുക്കം

### 1.1 ആമുഖം - പദ്ധതിയും പൊതു ആവശ്യവും

രണ്ടായിരത്തി ഇരുപത്തിനാലോടെ എല്ലാവർക്കും കുടിവെള്ളം എത്തിക്കുക എന്നത്, സുസ്ഥിര വികസന ലക്ഷ്യത്തിന്റെ ഭാഗമാണ്. അതുകൊണ്ട് തന്നെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, സാർവ്വത്രിക കുടിവെള്ള പദ്ധതിക്ക് വലിയ പ്രാധാന്യം ആണ് നൽകുന്നത്. കേരളത്തിലെ കുടിവെള്ള പദ്ധതികൾ പ്രധാനമായും നടപ്പിലാക്കുന്നത് രണ്ട് സർക്കാർ വകുപ്പുകളും ഒരു സർക്കാർ ഏജൻസിയും ആണ്. എന്നാൽ 85% കുടിവെള്ള പദ്ധതികളുടെയും നടത്തിപ്പും പരിപാലനവും കേരള ജലസേചന വകുപ്പിന്റെ കീഴിലുള്ള കേരള ജല അതോറിറ്റിയാണ് ചെയ്യുന്നത്. അതുകൊണ്ട് തന്നെ സാർവ്വത്രിക കുടിവെള്ളം രണ്ടായിരത്തി ഇരുപത്തിനാലോടെ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് മുൻനിര പ്രവർത്തനങ്ങൾ നടത്തുന്നത് കേരള ജല അതോറിറ്റിയാണ്. മേൽപ്പറഞ്ഞ ലക്ഷ്യം കൈവരിക്കുന്നതിന് പല പദ്ധതികളും, കേരള ജല അതോറിറ്റി നടപ്പിലാക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടത്, ഇപ്പോൾ നിലവിലുള്ള കുടിവെള്ള സ്രോതസ്സുകൾ പുഷ്ടിപ്പെടുത്തി, വിതരണ സംവിധാനം വിപുലീകരിച്ച് കൂടുതൽ പ്രദേശങ്ങളിലേക്ക് കുടിവെള്ളം എത്തിക്കുക എന്നതാണ്. വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര ഗ്രാമ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധ ജല വിതരണ പദ്ധതിയുടെ ഭാഗമായുള്ള ഉന്നതതല ജലസംഭരണി നിർമ്മാണം മേൽപ്പറഞ്ഞ തരത്തിലുള്ള പദ്ധതിയാണ്.

കേരളാ ഗസറ്റ് തീയതി 2022, ജനുവരി 12, നം.153, വിജ്ഞാപനം നമ്പർ.–ഡി.സി.പി.കെ.ഡി/14033/2019 സി 4 തീയതി, 2022, ജനുവരി 12, അറിയിപ്പ് പ്രകാരം കേരള സർക്കാർ കേരള വോളന്ററി ഹെൽത്ത് സർവ്വീസസിനെ വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര ഗ്രാമ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധ ജല വിതരണ പദ്ധതിയുടെ ഭാഗമായുള്ള ഉന്നതതല ജലസംഭരണി നിർമ്മാണ പദ്ധതിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റായി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.

### 1.2. പദ്ധതി പ്രദേശം

പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിൽ, വടക്കഞ്ചേരി വില്ലേജ് - 1 ൽ വടക്കഞ്ചേരി പഞ്ചായത്തിലെ 15-ാം വാർഡിൽ 34 സെന്റ് സ്ഥലമാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. ജില്ലാ ആസ്ഥാനത്ത് നിന്നും ഇരുപത് കിലോമീറ്ററും മുനിസിപ്പൽ ആസ്ഥാനത്ത് നിന്ന് 10

KERALA VHS
MULLANKUZHI
KOTTAYAM-2
COLLECTORATE P.O.

കിലോമീറ്ററും അകലെയായി സ്ഥിതിചെയ്യുന്ന പദ്ധതി പ്രദേശം റബ്ബർ തോട്ടങ്ങൾ നിറഞ്ഞ പ്രദേശമാണ്. പദ്ധതി പ്രദേശത്തിന് സമീപം ഒരു ടാർ മിക്സിങ്ങ് പ്ലാന്റ് പ്രവർത്തിക്കുന്നതിനാൽ പ്രദേശം മുഴുവൻ പുക നിബിഢമാണ്.

## 1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

### (എ). ഭൂമി ഏറ്റെടുക്കൽ അധികാരി

സ്പെഷ്യൽ തഹസിൽദാർ, എൽ.എ.(ജി)-1, പാലക്കാട് ആണ് വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര ഗ്രാമ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധ ജല വിതരണ പദ്ധതിയുടെ ഭാഗമായുള്ള ഉന്നതതല ജലസംഭരണി നിർമ്മാണ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ നടത്തുന്നത്.

### (ബി).പദ്ധതി ബാധിതരുടെ വിവരങ്ങൾ

വടക്കഞ്ചേരി-1 വില്ലേജിൽ എം മുഹമ്മദ് എന്ന ഭൂഉടമസ്ഥന്റെ ഉടമസ്ഥാവകാശത്തിലുള്ള രണ്ടര ഏക്കർ ഭൂമിയിൽ ഉൾപ്പെടുന്ന 34 സെന്റ് ഭൂമിയാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. വടക്കഞ്ചേരി-1 15-ാം വാർഡിൽ വരുന്ന പദ്ധതി പ്രദേശത്തോട് ചേർന്ന് കിടക്കുന്ന ഗ്രാമം എന്ന പ്രദേശത്ത്, പദ്ധതി ബാധിതൻ ഭാര്യയും രണ്ട് മക്കളും അടങ്ങുന്ന കുടുംബത്തോടൊപ്പം താമസിച്ച് വരുന്നു. മുഖ്യ വരുമാന സ്രോതസ്സ് കച്ചവട സ്ഥാപനമാണ്. കാഴ്ചയിൽ മധ്യ വർഗ്ഗ സാമ്പത്തിക സ്ഥിതിയുള്ള പദ്ധതി ബാധിതൻ തന്റെ സാമൂഹ്യ പ്രതിബദ്ധതയുടെ പേരിലാണ് പദ്ധതി ഭൂമി വിട്ടു തരുവാൻ തയ്യാറായത് എന്ന് പഠന യൂണിറ്റിനെ അറിയിക്കുകയുണ്ടായി.

മുസ്ളീം മത വിശ്വാസിയായ പദ്ധതി ബാധിതൻ പത്താം തരത്തിന് മുകളിൽ വിദ്യാഭ്യാസ യോഗത്യയുള്ളതും സാമൂഹിക - സാംസ്കാരിക പ്രവർത്തനങ്ങളിൽ തൽപ്പരനുമാണ്.

### (സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിൽ വടക്കഞ്ചേരി-1 വില്ലേജിൽ ബ്ലോക്ക് 45, സർവ്വേ നം. 16/2, 16/3 ൽപ്പെട്ട 34 സെന്റ് ഭൂമിയാണ് പദ്ധതി ഭൂമി. പ്രദേശത്തെ ഏറ്റവും ഉയർന്ന കുന്നിൻ മുകളിലുള്ള പദ്ധതി ഭൂമി പദ്ധതിയുടെ ഉദ്ദേശത്തിന് ഏറ്റവും അനുയോജ്യവും കുറഞ്ഞ പ്രത്യാഘാതം സൂചിപ്പിക്കുന്നതുമാണ്. തൃശ്ശൂർ - പാലക്കാട് ദേശീയ പാതയിൽ നിന്നും ആരംഭിക്കുന്ന ഗാന്ധിഗ്രാം - കരിങ്കുന്നം റോഡിൽ നിന്നും ആരംഭിക്കുന്ന സ്വകാര്യ വഴി പദ്ധതി പ്രദേശത്ത് എത്തിച്ചേരുന്നു.

KERALA VHS MULLANKUZHY KOTTAYAM COLLECTORATE

## 1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

### (എ). നടപ്പാക്കൽ ഏജൻസി

കേരള ജല അതോറിറ്റി ആണ് പദ്ധതിയുടെ നടപ്പാക്കൽ ഏജൻസി. 1984-ൽ ആരംഭിച്ച, കേരള ജല അതോറിറ്റി അതുവരെ ഉണ്ടായിരുന്ന പബ്ളിക് ഹെൽത്ത് എഞ്ചിനീയറിംഗ് വകുപ്പിനെ വിപുലീകരിച്ച് രൂപപ്പെടുത്തിയതാണ്. സുസ്ഥിര വികസന മാതൃക പിന്തുടർന്ന് ഗുണ നിലവാരമുള്ള ശുദ്ധജലം വിതരണം ചെയ്യുകയും, മലിനജലം സംസ്കരിക്കുകയും ചെയ്യുക എന്ന വലിയ കാഴ്ചപ്പാടോടെയാണ് കേരള ജല അതോറിറ്റി പ്രവർത്തിക്കുന്നത്. അതുകൊണ്ട് തന്നെ 2019 ൽ ആരംഭിച്ച ജലജീവൻ മിഷൻ പദ്ധതിയുടെ പ്രധാന നടപ്പാക്കൽ ഏജൻസിയും കേരള ജല അതോറിറ്റിയാണ്. എല്ലാ ജില്ലയിലും എക്സിക്യൂട്ടീവ് എഞ്ചിനീയർ ഭരണ നിർവ്വഹണം, എക്സിക്യൂട്ടീവ് എഞ്ചിനീയർ പദ്ധതി നിർവ്വഹണം എന്നീ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അനേകം എഞ്ചിനീയർമാർ, ജല വിതരണ തൊഴിലാളികൾ, ഭരണ നിർവഹണ ജീവനക്കാർ എന്നിവർ ഉൾപ്പെടെ ഒരു വലിയ തൊഴിലാളി ശ്രേണി പ്രവർത്തിക്കുന്നു.

### (ബി).പദ്ധതി നിർവ്വഹണ ഘട്ടം

ബഹുമാനപ്പെട്ട ഗവൺമെന്റ് പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പാക്കൽ സംബന്ധമായി സർക്കാർ നടപ്പാക്കൽ ഏജൻസിക്ക് അനുമതി പത്രം നൽകുകയും ഭൂമി ഏറ്റെടുക്കൽ വിഭാഗം പ്രാഥമിക സർവ്വേ നടത്തുകയും ഏറ്റെടുക്കുന്ന ഭൂമിയുടെ അതിരുകൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

### (സി).പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

| ക്രമ നം. | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ചട്ടങ്ങളും | പ്രത്യാഘാത ലഘൂകരണം |
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം 1894<br>ഭൂമി ഏറ്റെടുക്കൽ നിയമം (കേരളാ ചട്ടങ്ങൾ 1990)<br>ഭൂമി ഏറ്റെടുക്കൽ നിയമം 1961<br>ഭൂമി ഏറ്റെടുക്കൽ നിയമം<br>ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നയം | ഭൂമി ഏറ്റെടുക്കൽ പുനരധിവാസവും പുനസ്ഥാപനവും |

KERALA ... MULLANKUZHI ...

### 1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

പദ്ധതി സംബന്ധമായി ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ ഇല്ല.

### 1.6 സമീപനവും രീതി ശാസ്ത്രവും

**(എ). പശ്ചാത്തലം**

കേരളാ ഗസറ്റ് തീയതി 2022, ജനുവരി 12, നം.153, വിജ്ഞാപനം നമ്പർ.–ഡി.സി.പി.കെ.ഡി/ 14033/2019 സി 4 തീയതി, 2022, ജനുവരി 12 അറിയിപ്പ് പ്രകാരം കേരള സർക്കാർ കേരള വോളന്ററി ഹെൽത്ത് സർവ്വീസസിനെ ഈ പദ്ധതിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റായി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക പ്രത്യാഘാത യൂണിറ്റ് രൂപപ്പെടുത്തി.

**(ബി).സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും**

| ക്രമ നം. | പേര്, മേൽവിലാസം | ടീമിലെ സ്ഥാനം | പ്രവർത്തന പരിചയവും മറ്റ് വിവരങ്ങളും |
|---|---|---|---|
| 1. | സാജു. വി.ഇട്ടി | റ്റീം ലീഡർ | 26 വർഷം സാമൂഹിക സേവന മേഖലയിൽ ഉള്ള പ്രവർത്തന പരിചയം.. പുനരധിവാസ പുനസ്ഥാപന പ്രവർത്തനങ്ങളിലും സാമൂഹിക വിവരശേഖരണത്തിലും ഗവേഷണത്തിലും ഉള്ള പ്രവർത്തി പരിചയം. |
| 2. | രാകേഷ് ആർ. നായർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദൻ<br>സാമൂഹിക വിവര ശേഖകൻ | 11 വർഷത്തെ പ്രവർത്തന പരിചയം |
| 3. | സ്മിത ആർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദ,<br>സാമൂഹിക വിവര ശേഖരണം | 16 വർഷത്തെ പ്രവർത്തന പരിചയം |
| 4. | ഷീബ ജോൺസൻ | ഡേറ്റ അനലൈസർ & വിവര ക്രോഡീകരണം | 26 വർഷത്തെ പ്രവർത്തി പരിചയം |

### (സി).പഠന സമീപനം

പഠനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട പദ്ധതി പങ്കാളികളെ സാമൂഹിക വിശകലനത്തിലൂടെ കണ്ടെത്തുകയും അവരുമായി ആശയ വിനിമയ സംവിധാനം രൂപപ്പെടുത്തുകയും പഠനത്തിന് അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തു. തുടർന്ന് വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും പദ്ധതി ബാധിതന്റെ വിവരശേഖരണത്തിനായി ഒരു ചോദ്യാവലി തയ്യാറാക്കുകയും ഉണ്ടായി. തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് സാമൂഹിക - സാമ്പത്തിക- സാംസ്കാരിക വിവരശേഖരണം നടത്തുകയും ആയത് ക്രോഡീകരിച്ച് വിശകലനം നടത്തുകയും ഉണ്ടായി. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് പദ്ധതി പ്രദേശത്ത് പദ്ധതി സംബന്ധമായി താൽപര്യമുള്ളവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കുകയും ഉണ്ടായി. പദ്ധതി ബാധിതന് വേണ്ടി ആവശ്യമായ വ്യക്തിഗത പഠനങ്ങൾ നടത്തുകയും വിവരശേഖരണം ലക്ഷ്യമിട്ട് പദ്ധതി പ്രദേശവും സമീപ സ്ഥലങ്ങളും സന്ദർശിക്കുകയും ജനപ്രതിനിധികളുമായി ഒറ്റയ്ക്കും കൂട്ടായും കൂടിയാലോചനകൾ നടത്തുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു. പദ്ധതി ഭൂമിയുടെ ഉടമസ്ഥനെയും നേരിൽ കണ്ട് വിവര ശേഖരണം നടത്തുകയുണ്ടായി.

### (ഡി). നടപടികളും സമയക്രമങ്ങളും

12/01/2022- സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ സർക്കാർ വിജ്ഞാപനം.
14/01/2022- സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ സർക്കാർ വിജ്ഞാപനം ലഭ്യമായി.
19/01/2022- 25/01/2022 - സാമൂഹിക സർവ്വേ
29/01/2022 - കരട് റിപ്പോർട്ട്

### (ഇ).പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

1. സമയ ബന്ധിതമായ പദ്ധതി പൂർത്തീകരണം പ്രത്യാഘാതം കുറയ്ക്കാൻ സഹായകരമാണ്.

2. ന്യായമായ നഷ്ട പരിഹാരം ലഭ്യമായാൽ പദ്ധതിക്കുവേണ്ടി ഭൂമി വിട്ടുനൽകുവാൻ ഭൂവുടമ തയ്യാറാണ്.

### 1.7. പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം

നിർദ്ദിഷ്ട പദ്ധതിയും അതിന്റെ തുടർ നടത്തിപ്പിന് വേണ്ടി വരുന്ന പശ്ചാത്തല സൗകര്യ വികസനവും പ്രദേശത്തിന്റെ പൊതുവായ വികസനത്തിന് നിർണ്ണായക ഘടകമാകാൻ സാധ്യതയുണ്ട്. കൂടാതെ പദ്ധതി മൂലം പരിഹരിക്കപ്പെടുന്ന കുടിവെള്ള പ്രശ്നം പദ്ധതി പ്രദേശത്തെ താമസ പ്രധാന മേഖലയായി വികസിപ്പിക്കുകയും അത് സാമൂഹിക - സാമ്പത്തിക -സാംസ്കാരിക പുരോഗതിക്ക് കാരണമാവുകയും ചെയ്യും.

### 1.8. സാമൂഹിക പ്രത്യാഘാതം

പദ്ധതി ബാധിതന്റെ ഉടമസ്ഥാവകാശത്തിലുള്ള രണ്ടര ഏക്കർ ഭൂമിയിൽ 34 സെന്റ് നഷ്ടപ്പെടുന്നു എന്നുള്ളതാണ് പദ്ധതിയുടെ പ്രധാന പ്രത്യാഘാതം. എന്നാൽ പദ്ധതി ബാധിതന്റെ സമ്മതത്തോടെ ലഭ്യമായ ഭൂമി എന്നുള്ളതു കൊണ്ട് തന്നെ പദ്ധതിയുടെ പ്രത്യാഘാതം വളരെ ലഘുതരം എന്ന് കണക്കാക്കാവുന്നതാണ്. പദ്ധതി പ്രദേശം തികച്ചും കാർഷിക പ്രധാനമായ മേഖലയാണ്. എന്നാൽ വർഷത്തിൽ ആറ് മാസത്തോളം നീണ്ടു നിൽക്കുന്ന ജല ദൗർലഭ്യം തോട്ടവിള പ്രധാനമായ കൃഷിക്ക് മാത്രമായി പദ്ധതി പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങളെ ചുരുക്കിയിട്ടുണ്ട്. ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത സമുദ്ര നിരപ്പിൽ നിന്നും വളരെ ഉയർന്ന തലത്തിലുള്ള സ്ഥാനം എന്നിവ പദ്ധതി പ്രദേശത്തിന്റെ വികസനത്തിന് തടസ്സം നിൽക്കുന്ന ഘടകങ്ങളാണ്. നിർദ്ദിഷ്ട പദ്ധതി അതിന്റെ തുടർ നടത്തിപ്പിന് വേണ്ടി വരുന്ന പശ്ചാത്തല സൗകര്യ വികസനവും പ്രദേശത്തിന്റെ പൊതുവായ വികസനത്തിന് നിർണ്ണായക ഘടകമാകാൻ സാധ്യതയുണ്ട്. കൂടാതെ പദ്ധതി മൂലം പരിഹരിക്കപ്പെടുന്ന കുടിവെള്ള പ്രശ്നം പദ്ധതി പ്രദേശത്തെ താമസ പ്രധാന മേഖലയായി വികസിപ്പിക്കുകയും അത് സാമൂഹിക - സാമ്പത്തിക -സാംസ്കാരിക പുരോഗതിക്ക് കാരണമാവുകയും ചെയ്യും.

### 1.9. പ്രത്യാഘാത ലഘൂകരണം

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1 | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 2 | കൃഷി നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം നൽകുക |
| 3 | തോട്ട വിളകളുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ട പരിഹാരം |
| 4 | മരങ്ങളുടെ നഷ്ടം | നഷ്ട പരിഹാരം നിയന്ത്രണം | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 5 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടി ക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടിക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക |
| 6. | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര സമിതി പഞ്ചായത്തിലുംജില്ലാ തലത്തിലും പ്രവർത്തിക്കുക. |

1.10. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | പോസിറ്റീവ്/ നെഗറ്റീവ് | സാധ്യതാ നിലവാരം | പ്രത്യാഘാത തീവ്രത | പ്രത്യാഘാതം - ലഘൂകരണത്തിന് മുമ്പ് | പ്രത്യാഘാതം - ലഘൂകരണത്തിന് ശേഷം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|---|---|---|---|
| 3 | ഭൂമിയുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 4 | കൃഷിഭൂമിയുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | മതിയായ നഷ്ടപരിഹാരം നൽകുക |
| 5 | തോട്ട വിളകളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | മതിയായ നഷ്ടപരിഹാരം നൽകുക |
| 6 | മരങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | ലഘുവായ | കുറഞ്ഞ | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 7 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങ | പോസിറ്റീവ് | സാധ്യമാണ് | കുറഞ്ഞ | ലഘുവായ | മധ്യമം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിത |

MULLANKUZHI KOTTAYAM COLLECTORATE

| | | | | | | | |
|---|---|---|---|---|---|---|---|
| | ളിൽ ഉൾപ്പെടുത്തുക. | | | | | | രുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 8 | പരാതി പരിഹാരം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | മധ്യമം | മധ്യമം | പ്രവർത്തനനിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

**1.11.സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം**

| സാമൂഹ്യ പ്രത്യാഘാത പരിഹാര ഉത്തരവാദിത്തം | നിർവ്വഹിക്കുന്ന പ്രധാന വ്യക്തികൾ |
|---|---|
| ജില്ലാ കളക്ടർ | നഷ്ട പരിഹാര നിർണ്ണയവും പരാതി പരിഹാരവും |
| ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം |
| സ്പെഷ്യൽ തഹസിൽദാർ | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം |
| കേരള വാട്ടർ അതോറിറ്റി വകുപ്പ് | നടപ്പാക്കൽ ഏജൻസി |
| ജില്ലാ ഫോറസ്റ്റ് ഓഫീസർ | മരങ്ങളുടെ നഷ്ടപരിഹാരം നിർണ്ണയിക്കൽ |
| റിക്വസിഷൻ അധികാരികൾ | പുനരധിവാസവും പുനസ്ഥാപനവും |

**1.12- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി-പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ**

- നഷ്ടപരിഹാരം കണക്കാക്കുവാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ.
- പരാതി പരിഹാര സമിതിയുടെ രൂപീകരണം.
- പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന സമയം.
- നഷ്ടപരിഹാര വിനിയോഗം
- പരാതി പരിഹാര സമിതി നടത്തിയ യോഗങ്ങൾ, തീരുമാനങ്ങൾ
- കോടതി കേസുകളുടെ എണ്ണം

1.13. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

അനേകം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്ന ഒരു പദ്ധതിക്ക് വേണ്ടി ഭൂഉടമസ്ഥന്റെ സമ്മതത്തോടെ 34 സെന്റ് ഭൂമി ഏറ്റെടുക്കുന്നു എന്നത് കൊണ്ട് തന്നെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതം വളരെ ലഘുതരം എന്ന് കണക്കാക്കാവുന്നതാണ്. പദ്ധതി വിഭാവനം ചെയ്യുന്ന നേട്ടങ്ങൾ കണക്കാക്കുമ്പോൾ പദ്ധതിയുടെ പൊതു താൽപര്യ പ്രസക്തി വളരെ വലുതും ബദൽ നിർദ്ദേശങ്ങൾ ഇല്ലാത്തതുമാണ്. പദ്ധതി പ്രദേശത്തിന്റെ തിരഞ്ഞെടുപ്പ് സാങ്കേതിക അടിസ്ഥാനത്തിൽ നിർവഹിച്ചതിനാലും ആയത് പദ്ധതിക്ക് ഏറ്റവും അനുയോജ്യമായ സ്ഥാനത്താണ് എന്നുള്ളതും കണക്കാക്കുമ്പോൾ ബദൽ നിർദ്ദേശങ്ങൾ അപ്രസക്തമാണ്. ഏറ്റെടുക്കുന്ന ഭൂമിയുടെ നഷ്ടം പദ്ധതി ബാധിതന്റെ സാമൂഹിക-സാമ്പത്തിക സ്ഥിതിയെ ഏതെങ്കിലും തരത്തിൽ ദോഷകരമായി ബാധിക്കാൻ സാധ്യത കാണുന്നില്ല. കൂടാതെ പദ്ധതിയുടെ ഗുണഭോക്താവ് എന്ന നിലയിൽ പദ്ധതി നേട്ടങ്ങൾ പദ്ധതി ബാധിതനും ലഭ്യമാവും എന്നതിനാലും ഭൂമി ഏറ്റെടുക്കൽ മൂലം പദ്ധതി ബാധിതന് ഉണ്ടാകുന്ന പ്രത്യാഘാതത്തെ വളരെ കുറഞ്ഞത് എന്ന ഗണത്തിൽ ഉൾപ്പെടുത്താവുന്നതാണ്. പദ്ധതി മൂലം പരിഹരിക്കാൻ ഇടയുള്ള കുടിവെള്ള ക്ഷാമം ലഭ്യമാകുന്ന പശ്ചാത്തല വികസനം, കാർഷിക രംഗത്തെ വളർച്ച, പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ജീവിത നിലവാരത്തിൽ ഉണ്ടാവാൻ സാധ്യതയുള്ള പുരോഗതി, സ്ത്രീകളുടെ ജോലി ഭാരത്തിൽ ഉണ്ടാകുന്ന കുറവ് എന്നിവ പരിഗണിക്കുമ്പോൾ പദ്ധതിയുടെ പൊതുതാൽപര്യം വളരെ മികച്ചത് എന്നും സാമൂഹ്യ പ്രത്യാഘാതം ലഘുതരം എന്നും കാണാവുന്നതാണ്.

മേൽപറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് ന്യായമായ പുനരധിവാസ പുനർവാസ നടപടികൾകൊണ്ടും, പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്ന സമീപനം കൊണ്ടും പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതത്തെ വീണ്ടും കുറയ്ക്കാൻ സാധ്യമാകും എന്നതാണ്. പദ്ധതിയുടെ പൊതുതാൽപര്യം പദ്ധതികൊണ്ട് ഉണ്ടാകാവുന്ന സാമൂഹ്യ സാമ്പത്തിക നേട്ടങ്ങൾ എന്നിവ പരിഗണിക്കുമ്പോഴും, ശരിയായ പുനരധിവാസ- പുനർവാസ നടപടികൾ കൊണ്ട് പ്രത്യാഘാതം ലഘൂകരിക്കാം എന്നുള്ളതുകൊണ്ടും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും സുതാര്യതയ്ക്കും ഉള്ള അവകാശ നിയമം 2013 ഉം തുടർന്നുള്ള ചട്ടങ്ങളും അനുസരിച്ചുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ഗവൺമെന്റിന് മുന്നോട്ട് പോകാവുന്നതാണ്.

സാജു വി.ഇട്ടി
ചെയർമാൻ
സാമൂഹ്യ പ്രത്യാഘാത യൂണിറ്റ്

<u>അനുബന്ധരേഖകൾ</u>

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. ഗസറ്റ് നോട്ടിഫിക്കേഷൻ

അനുബന്ധം - 1

## പദ്ധതി ബാധിതന്റെ പേര് വിവരങ്ങൾ

| ക്രമ നം. | സർവ്വേ /നമ്പർ | പേരും മേൽവിലാസവും | ഫോൺ നമ്പർ | ബാധിക്കപ്പെടുന്ന വസ്തുവിന്റെ വിവരണം |
|---|---|---|---|---|
| 1 | ബ്ലോക്ക് നം. 45 16/2, 16/3 | എം. മൂഹമ്മദ്, ചാർളീസ് ഹൗസ്, ഗ്രാമം, വടക്കഞ്ചേരി - 678683 | 9946252050 | വസ്തു |

അനുബന്ധം - 2

## ഫോട്ടോഗ്രാഫ്














KERALA VHS
COLLECTORATE

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2022 ജനുവരി 12<br>12th January 2022<br>1197 ധനു 28<br>28th Dhanu 1197<br>1943 പൌഷം 22<br>22nd Pousha 1943 | നമ്പർ<br>No. | 153 |

**FORM No. 4**

[See Rule 11(3)]

## NOTIFICATION

DCPKD/14033/2019-C4 12.01.22

Where as, it appears to the Government of Kerala that the land specified in the Schedule below is needed or likely to be needed for a public purpose, to wit for the land acquisition of an extent of 34 Cents of land in Vadakkanchery 1 village in Alathur Taluk, Palakkad district for the construction of KIIFB- 2017-2018- Comprehensive Fresh Water Distribution Project to Vandazhi, Vadakkanchery, Kizhakkanchery, Kannabra Gramapanchayaths.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

And Where as, in exercise of the powers conferred in sub- section (1) of section 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013 (Central Act 30 of 2013). Government of Kerala have decided to conduct a Social Impact Assessment in the area specified in the schedule below.

SCHEDULE

District – Palakkad

Taluk – Alathur

Village - Vadakkanchery 1

(The extent given is approximate)

| Block & Survey No. | Extent in cents |
|---|---|
| Bl -45, Rsy. No. 16/2, 16/3 | 34 Cents |

Now therefore, sanction is hereby accorded to Social Impact Assessment Unit, viz. Kerala Voluntary Health Services, Mullankuzhi, Collectorate P.O, Kottayam – 686 002. to conduct a Social Impact Assessment Study and to prepare a Social Impact Assessment Study and to prepare a Social Impact Assessment Plan as provided in the Act. The process shall be completed within a period 31 days in any case.

District Collector, Palakkad

Explanatory Note

(This does not form part of the notification, but is intended to indicate its general purport)

The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Rules have come into force on 19.09.2015 and as per Rule 10, notifying a Social Impact Assessment Unit for conducting Social Impact Assessment Study is required. Requisition has been received for acquiring 34 Cents of land in Vadakkanchery 1 village in Alathur Taluk, Palakkad district for the construction of KIIFB- 2017-2018- Comprehensive Fresh Water Distribution Project to Vandazhi, Vadakkanchery, Kizhakkanchery, and Kannabra Gramapanchayath.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2022.01.12 09:16:38 +05.3